(ബി) ഈ വാങ്ങിയ കൊപ്രയും നാളികേരവും എന്തു ചെയ്തു ;

(സി) മറ്റെതെല്ലാം ഏജൻസികളും മുഖേന ഈ കാലഘട്ടത്തിൽ കൊപ്രയും നാളികേരവും സംഭരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) 1985 ഏപ്രിൽ ഒന്നുമുതൽ 1985 ജൂൺ 26 വരെ സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ അതിന്റെ സാധാരണ ബിസിനസ്സിന്റെ ഭാഗമായി 3343 ടണ്ണും, 1985 ജൂൺ 27 മുതൽ 1986 ജനുവരി 13 വരെ സംസ്ഥാന സർക്കാരിന്റെ സംഭരണ പരിപാടിയനുസരിച്ച് 11,110 ടണ്ണും, 1986 ജനുവരി 14 മുതൽ ഇതുവരെ കേന്ദ്രസർക്കാർ അംഗീകരിച്ച സംഭരണ പരിപാടിയനുസരിച്ച് 8800 ടണ്ണും കൊപ്ര വാങ്ങിയിട്ടുണ്ട്. നാളികേരം വാങ്ങിയിട്ടില്ല.

(ബി) കേന്ദ്രസർക്കാർ അനുവദിച്ച സംഭരണ പരിപാടിയനുസരിച്ച് വാങ്ങിയ കൊപ്ര 'നാഫെഡി'നെ ഏൽപ്പിച്ചു. അതിനുമുൻപു വാങ്ങിയ കൊപ്ര മിക്കവാറും മുഴുവനും വെളിച്ചെണ്ണയാക്കുന്നതിനുവേണ്ടി നാളികേര വികസന കോർപ്പറേഷനെ ഏൽപ്പിച്ചു. ഇനിയും ബാക്കിയുള്ള കൊപ്ര നാളികേര വികസന കോർപ്പറേഷനു കൊടുത്തുകൊണ്ടിരിക്കുകയാണ്.

(സി) മാർക്കറ്റിംഗ് ഫെഡറേഷനെ കൂടാതെ 1985 ആഗസ്റ്റ് വരെ നാളികേര വികസന കോർപ്പറേഷനും കൊപ്ര സംഭരിച്ചിട്ടുണ്ട്.

പീരുമേട് കേന്ദ്രമാക്കി ഒരു പ്ലാന്റേഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

421. [608] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് കേന്ദ്രമാക്കി ഒരു പ്ലാന്റേഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രജിസ്റ്റർ ചെയ്യണമെന്നുള്ള ആവശ്യം സർക്കാരിന് കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ രജിസ്ട്രേഷൻ നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) രജിസ്ട്രേഷൻ നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) അപേക്ഷ ലഭിക്കുമ്പോൾ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.

പീരുമേട് കേന്ദ്രമാക്കി ഒരു കോ-ഓപ്പറേറ്റീവ് കോളേജ്

422. [609] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പീരുമേട് കേന്ദ്രമാക്കി ഒരു കോ-ഓപ്പറേറ്റീവ് കോളേജ് തുടങ്ങുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly